**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2009** **11-10-2021 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി പോലീസ് സ്റ്റേഷൻ വിഭജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കൊയിലാണ്ടി പോലീസ് സ്റ്റേഷനിലെ ജോലിഭാരവും വിസ്തൃതമായ പ്രവർത്തന പരിധിയും കാരണം പ്രസ്തുത സ്റ്റേഷൻ വിഭജിച്ച് ചെങ്ങോട്ടുകാവ്, ചേമഞ്ചേരി ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന പുതിയൊരു പോലീസ് സ്റ്റേഷൻ അനുവദിക്കാനുള്ള ഏതെങ്കിലും തരത്തിലുള്ള ശിപാർശ നടപടികൾക്കായി ആഭ്യന്തരവകുപ്പിൽ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ശിപാർശ ലഭ്യമായിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് പോലീസ് സ്റ്റേഷൻ വിഭജനവും പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കലും സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (ബി) | പോലീസ് സ്റ്റേഷൻ വിഭജനം നടത്തുന്നത് പ്രധാനമായും ആ സ്ഥലത്തെ ജനസംഖ്യ, ക്രൈം സ്റ്റാറ്റിസ്റ്റിക്സ് തുടങ്ങിയ വസ്തുതകൾ കണക്കിലെടുത്താണ്. |
| (സി) | കൊയിലാണ്ടി പോലീസ് സ്റ്റേഷൻ വിഭജിച്ച് പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യത്തിൽ ആവശ്യമായ നടപടികൾ ആഭ്യന്തരവകുപ്പ് കൈക്കൊള്ളുമോ; വിശദമാക്കാമോ? | (സി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ